പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4512

17.12.2014 -ലെ മറുപടിയ്ക്ക്

തൊഴിലാളികളുടെ വിശ്രമ സമയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ.ബെന്നി ബെഹനാൻ :<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി : | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിലാളികൾക്ക് വേനൽക്കാലത്ത് ജോലിക്കിടയിലുള്ള വിശ്രമസമയം പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കഴിഞ്ഞ വേനൽക്കാലത്ത് കടുത്ത വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ ജോലി സമയം പുനക്രമീകരിച്ചിരുന്നു. ലേബർ കമ്മീഷണറുടെ 25/03/2014 തീയതിയിലെ G(2) 6948/2013 നമ്പർ ഉത്തരവിലൂടെ പൊതുജന താല്പര്യം മുൻനിർത്തി 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം, വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2014 ഏപ്രിൽ ഒന്ന് മുതൽ മുപ്പത് വരെ പുനക്രമീകരിച്ചിരുന്നു. |
| (ബി) പ്രസ്തുത തീരുമാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) കാലാവസ്ഥാ വ്യതിയാനം മൂലം തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കാതിരിക്കുക, അത്യുഷ്ണം മൂലം ഉണ്ടായേക്കാവുന്ന മറ്റ് ആരോഗ്യപ്രശ്നങ്ങൾ തടയുക എന്നതാണ് ഈ തീരുമാനം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) അതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) 25-03-2014-ലെ G(2) 6948/2013 നമ്പർ ഉത്തരവ് പ്രകാരം പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12 മണി മുതൽ മൂന്നു മണിവരെ |

| | |
|---|---|
| | വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ഏഴ് മണിവരെയുള്ള സമയത്തിനുള്ളിൽ എട്ട് മണിക്കൂറായി നിജപ്പെടുത്തിയിരുന്നു. രാവിലെയും ഉച്ചയ്ക്ക് ശേഷവും ഉള്ള ഷിഫ്റ്റുകളിലെ ജോലി സമയം ഉച്ചയ്ക്ക് 12 മണി യ്ക്ക് അവസാനിക്കുന്ന പ്രകാരവും വൈകുന്നേരം മൂന്ന് മണിയ്ക്ക് ആരംഭിക്കുന്ന പ്രകാരവും പുന: ക്രമികരിച്ചിരുന്നു. ക്രമീകരണത്തിലൂടെ തൊഴിലാളിയ്ക്ക് അമിതമായ അന്തരീക്ഷ താപത്തിൽ നിന്നും രക്ഷ നേടാനും, തളർച്ച, സൂര്യതാപം മുതലായ വൈഷമ്യങ്ങൾ ഒഴിവാക്കി സുരക്ഷിതമായി ജോലിയിൽ ഏർപ്പെടാനും കഴിയും. |
| (ഡി) അത് നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) മേൽ ഉത്തരവ് നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനായി എൻഫോഴ്സ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്തിയിരുന്നു. |

Sd/-

സെക്ഷൻ ഓഫീസർ